നൗഷാദ് ചേനപ്പാടി

# അല്ലാഹു കണക്കാക്കിയതിൽ സംതൃപ്തരാവുക

عن ابْنِ مَسْعُودٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: أَيُّهَا النَّاسُ، إِنَّهُ لَيْسَ مِنْ شَيْءٍ يُقَرِّبُكُمْ مِنَ الْجَنَّةِ وَيُبْعِدُكُمْ مِنَ النَّارِ إِلَّا قَدْ أَمَرْتُكُمْ بِهِ، وَلَيْسَ شَيْءٌ يُقَرِّبُكُمْ مِنَ النَّارِ وَيُبْعِدُكُمْ مِنَ الْجَنَّةِ إِلَّا قَدْ نَهَيْتُكُمْ عَنْهُ، وَإِنَّ الرُّوحَ الْأَمِينَ نَفَثَ فِي رَوْعِي أَنَّهُ لَيْسَ مِنْ نَفْسٍ تَمُوتُ حَتَّى تَسْتَوْفِيَ رِزْقَهَا، فَاتَّقُوا اللَّهَ وَأَجْمِلُوا فِي الطَّلَبِ، وَلَا يَحْمِلُكُمُ اسْتِبْطَاءُ الرِّزْقِ عَلَى أَنْ تَطْلُبُوهُ بِمَعَاصِي اللَّهِ فَإِنَّهُ لَا يُنَالُ مَا عِنْدَهُ إِلَّا بِطَاعَتِهِ

**അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: ജനങ്ങളേ, നിങ്ങളെ സ്വർഗത്തിലേക്കടുപ്പിക്കുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ ഏതൊരു കാര്യവും ഞാൻ നിങ്ങളോടു കൽപിക്കാതെ പോയിട്ടില്ല. നിങ്ങളെ നരകത്തിലേക്കെത്തിക്കുന്നതും സ്വർഗത്തിൽനിന്ന് അകറ്റുന്നതുമായ ഏതൊരു കാര്യവും ഞാൻ നിങ്ങളോട് നിരോധിക്കാതെയും വിട്ടുകളഞ്ഞിട്ടില്ല. ഈ ഭൂമിയിൽ ഒരു മനുഷ്യനും തനിക്കു ലഭിക്കേണ്ടിയിരുന്ന ജീവിത വിഭവങ്ങൾ പൂർണമായി ലഭിച്ചിട്ടല്ലാതെ മരണപ്പെടുകയില്ലെന്ന് തീർച്ചയായും വിശ്വസ്താത്മാവ് ജിബ്രീൽ എനിക്ക് ബോധനം നൽകിയിരിക്കുന്നു. അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുക. നിങ്ങൾക്ക് വിഭവം ലഭിക്കണമെങ്കിൽ അവനോട് നല്ലനിലയിൽ അപേക്ഷിക്കുക. നിങ്ങൾക്ക് ജീവിതവിഭവം വന്നെത്താൻ വൈകുന്നു എന്ന കാരണം അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് അത് തേടാൻ നിങ്ങൾക്ക് ഒരിക്കലും പ്രേരണയാവരുത്. കാരണം, അല്ലാഹുവിന്റെ പക്കലുള്ളത് കരസ്ഥമാക്കണമെങ്കിൽ അവനോടുള്ള അനുസരണം കൊണ്ടല്ലാതെ സാധ്യമേയല്ല.**

(ഇമാം ബഗവി(റ) ശറഹുസ്സുന്നഃയിലും (4111) ഇമാം ബൈഹഖി(റ) അൽജാമിഉ ലി ശുഅബിൽ ഈമാനിലും(9891) ഇമാം ഖത്തീബു തിബ്രീസി(റ) മിശ്കാത്തുൽ മസാബീഹിലും (5300) ശൈഖ് അൽബാനി(റ) തന്റെ സിൽസിലത്തു അഹാദീസിസ്സഹീഹഃയിലും(2866) ഈ ഹദീസ് ഉദ്ധരിച്ചിരിക്കുന്നു).

ഇസ്ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളായ ചില കാര്യങ്ങളാണ് മേലുദ്ധരിച്ച ഹദീസുകളിലുള്ളത്. പുണ്യകരവും സ്വർഗത്തിലേക്ക് മനുഷ്യനെ എത്തിക്കുന്നതും നരകത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്നതുമായ കാര്യങ്ങൾ ഏതൊക്കെയാണെന്നത് ഗയ്ബിയായ കാര്യങ്ങളിൽപ്പെട്ടതാണ്. അതിനാണ് നബിമാരെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്. മറ്റു മതങ്ങളിലെ പുരോഹിതന്മാരെപ്പോലെയും പണ്ഡിതന്മാരെപ്പോലെയും ഇസ്ലാമിലെ പണ്ഡിതന്മാർക്കു ഇന്ന കാര്യം പുണ്യമാണ്, അതാണ് ദൈവത്തിനിഷ്ടകരമായ കാര്യം എന്നു പറയാനുള്ള അധികാരമോ അർഹതയോ ഇല്ല. ഗയ്ബിയായ വിഷയങ്ങളിൽ നബി(സ) അറിയിച്ചതും വിശദീകരിച്ചതുമായ കാര്യങ്ങളേ അവർ ജനങ്ങളോട് പറയാൻ പാടുള്ളൂ. അല്ലാതെ ഊഹത്തിന്റെയും തോന്നലുകളുടെയും അടിസ്ഥാനത്തിൽ ഇന്നത് പുണ്യമാണ്, നല്ലതാണ്, ഇബാദത്താണ്, പ്രതിഫലാർഹമാണ് എന്നൊന്നും പറയാൻ നബി(സ)ക്കല്ലാതെ അല്ലാഹു ആർക്കും അധികാരവും അർഹതയും നൽകിയിട്ടില്ല. കാരണം, അവിടുത്തെ മാത്രമേ റസൂലായി അല്ലാഹു അയച്ചിട്ടുള്ളൂ എന്നതുതന്നെ.

ശരീഅത്തിന്റെ ഈ മർമപ്രധാനമായ അടിസ്ഥാനം ആലിമുകൾക്കു പോലും അറിയില്ല എന്നതും അവരത് പാലിക്കുന്നില്ല എന്നതുമാണ്, ഇന്നോളം ഇസ്ലാമിലില്ലാത്ത പല ബിദ്അത്തുകളും മുസ്ലിം ഉമ്മത്തിൽ കടന്നുകൂടാനുണ്ടായ മുഖ്യ കാരണം. ബിദ്അത്തും കർമശാസ്ത്ര നിദാനശാസ്ത്രത്തിലെ മസ്വാലിഹുൽ മുർസലയും തമ്മിലുള്ള വ്യത്യാസവും അവർക്ക് തിരിച്ചറിയാനാവുന്നില്ല. അതുകൊണ്ടാണ് നബി(സ)യുടെ കാലത്ത് മൈക്കുണ്ടായിരുന്നോ, മദ്റസകളും കോളേജുകളുമുണ്ടായിരുന്നോ, പത്രങ്ങളും ടിവിയും സിനിമയുമുണ്ടായിരുന്നോ തുടങ്ങിയ ചോദ്യങ്ങൾ അവർ ചോദിക്കുന്നത്.

ഹദീസിൽ പറഞ്ഞ രണ്ടാമത്തെ കാര്യവും ഓരോ മുസ്ലിമും അടിവരയിട്ടു മനസ്സിലാക്കേണ്ടതും അറിയേണ്ടതുമാണ്. ജീവിതവിഭവങ്ങളിൽ എത്ര കുറവു വന്നാലും, ഇനിയത് ഇല്ലെന്നു വന്നാലും അല്ലാഹു അനുവദിക്കാത്ത മാർഗത്തിലും അവനെ ധിക്കരിച്ചുകൊണ്ടും മനുഷ്യൻ നടന്നുകൂടാ. ഈ ദുനിയാവിൽ അല്ലാഹു ഒരാൾക്ക് കണക്കാക്കിയതെന്തോ അതേ ലഭിക്കുകയുള്ളൂ; അവനെത്ര അധ്വാനിച്ചാലും. എല്ലാവർക്കും സമ്പത്തും സന്തതികളും അവനാഗ്രഹിച്ചതു മുഴുവനും ഒരുപോലെ ലഭിക്കുന്ന ഒരു ലോകമല്ല ഇത്. ഈ ദുനിയാവ് ഒരു പരീക്ഷണ ഗേഹമാണ് എന്ന മൗലികമായ വശം അതോടെ നഷ്ടമാകും. ഈ വീക്ഷണവും വിശ്വാസവും ഓരോ മുസ്ലിമിന്റെയും ബുദ്ധിയിലും ഹൃദയത്തിലും അടിയുറക്കണം. എങ്കിൽ മാത്രമേ അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിച്ചുകൊണ്ടും അവനെ ധിക്കരിക്കാതെയും ജീവിതവിഭവങ്ങൾ തേടുവാൻ അവനു സാധിക്കുകയുള്ളൂ.

അതിനാൽ, പ്രകൃതിനിയമങ്ങൾക്കനുസൃതമായി അധ്വാനിക്കുകയും നല്ലതായ അനന്തരഫലത്തിനുവേണ്ടി നല്ല നിലയിൽ നിരന്തരം അല്ലാഹുവിനോട് അപേക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഹദീസിന്റെ അവസാനം പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹുവിനെ അനുസരിച്ചുകൊണ്ടു മാത്രമേ അവന്റെ പക്കലുള്ളത് നേടിയെടുക്കാൻ കഴിയുകയുള്ളൂ. ഇത് ഒരു സുസ്ഥിര പ്രാപഞ്ചിക നിയമമാണെന്ന് ഓരോ വിശ്വാസിയും യഖീനോടുകൂടി അറിഞ്ഞിരിക്കേണ്ടതാണ്. ●